# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
## തിരുവനന്തപുരം

# കഥകളതിസാന്ത്വനം

കോവിഡ് 19 ന്റ പശ്ചാത്തലത്തിൽ കൂടുതൽ ജാഗ്രതയ്ക്കായി ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുകയണ്. മലയാളികൾ അതേറ്റെടുത്തിരിക്കുകയാണ്. ആരോഗ്യ പ്രവർത്തകരും സുരക്ഷാ ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. മറ്റുള്ള ജനവിഭാഗങ്ങൾ വീടുകളിൽ തന്നെ കഴിയണം എന്നാണ് കേരള സർക്കാരിന്റെ നിർദേശം. ഈ അവസരത്തിൽ പുസ്തക വായന പ്രയോജനപ്പെടുത്തണമെന്ന് നമ്മുടെ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

അക്ഷരസ്നേഹികൾക്കായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓൺലൈൻ വായനമത്സരം സംഘടിപ്പിക്കുന്നു. മൂന്ന് ഗ്രുപ്പുകളിലാക്കിയാണ് മത്സരം. (1) 16 വയസുവരെയുള്ളവർ (2) 17 മുതൽ 50 വയസുവരെയുള്ളവർ (3) 51 വയസിനുമുകളിലുള്ളവർ മലയാളത്തിലെ പ്രശസ്തമായ 10 ചെറുകഥകളെ അടിസ്ഥാനമാക്കിയാണ് മത്സരം സംഘടിപ്പിക്കുന്നത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വെബ് സൈറ്റിൽ (www.kslc.kerala.gov.in) രജിസ്റ്റർ ചെയ്യുന്നവർക്ക് ഈ 10 ചെറുകഥകളും ഡൗൺലോഡ് ചെയ്യാവുന്നതാണ്. മത്സരം സംബന്ധിച്ച കൂടുതൽ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യുക (www.kslc.kerala.gov.in)
2. ഏപ്രിൽ ഏഴ് മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.
3. മൂന്ന് ഗ്രൂപ്പുകളിലായിട്ടാണ് രജിസ്റ്റർ ചെയ്യുക.
4. രജിസ്റ്റർ ചെയ്യുമ്പോൾ നൽകുന്ന മൊബൈൽ നമ്പരിലേയ്ക്ക് രജിസ്ട്രേഷൻ നമ്പരും ലിങ്കും എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.
5. പ്രസ്തുത ലിങ്കിൽ കയറിയാൽ മത്സരത്തിന്റെ നിർദേശങ്ങളും 10 ചെറുകഥ കളും ലഭിക്കുന്നതാണ്.
6. തുടർന്നുള്ള എല്ലാ ഉപയോഗത്തിനും ഈ ലിങ്കും രജിസ്ട്രേഷൻ നമ്പരും ഉപയോഗിക്കാവുന്നതാണ്.
7. മത്സരാർത്ഥിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വിജയിക്കുന്ന സമയത്ത് മാത്രം അപ്ലോഡ് ചെയ്താൽ മതിയാകും.
8. മത്സരത്തിന്റെ എല്ലാ ചോദ്യങ്ങളും ഈ 10 ചെറുകഥകളെ അടിസ്ഥാനമാക്കി യായിരിക്കും. സർഗാത്മകത തെളിയിക്കുന്ന ചോദ്യങ്ങളുമുണ്ടായിരിക്കും.
9. ഏപ്രിൽ ഏഴാം തീയതി മുതൽ പുസ്തകങ്ങൾ ലിങ്കിൽ ലഭിക്കുന്നതണ്.

10. ഏപ്രിൽ 25 നാണ് മത്സരം നടക്കുന്നത്. ചോദ്യപേപ്പർ സംബന്ധിച്ച വിവരം 24 -ാം തീയതി രാവിലെ 10 മണിക്ക് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. ആയി ലഭിക്കും. ആ ലിങ്കിൽ കയറിയാൽ ചോദ്യപേപ്പർ ലഭിക്കുന്നതാണ്.

11. ഉത്തരങ്ങൾ വെള്ള പേപ്പറിൽ രേഖപ്പെടുത്തി രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് ഏപ്രിൽ 25 -ാം തീയതി വൈകിട്ട് ആറ് മണിക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

12. ഉത്തരപേപ്പർ മുല്യനിർണയം നടത്തി വിജയികളെ പ്രഖ്യാപിക്കുന്നതാണ്.

13. ഓരോ വിഭാഗത്തിലും കൂടുതൽ സ്കോർ ലഭിക്കുന്ന അഞ്ച് പേരെയാണ് വിജയികളായി തെരഞ്ഞെടുക്കുന്നത്.

14. വിജയികളായി തെരഞ്ഞെടുക്കുന്നവർ കൗൺസിൽ അറിയിക്കുന്നമുറയ്ക്ക് വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അയച്ചുതരുന്നതിനുശേഷമായിരിക്കും പ്രഖ്യാപനം.

15. വിജയികളായവർക്ക് 3,000/-രൂപ സമ്മാനമായി ഓരോ വിഭാഗത്തിലും അഞ്ച് പേർക്ക് വീതം നൽകുന്നതാണ്.

16. മത്സരത്തിന്റെ നടത്തിപ്പ് സംബന്ധിച്ച അന്തിമ തീരുമാനം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റേതായിരിക്കും. മത്സര ക്രമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

17. മത്സര നടത്തിപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് 9961493935, 9447689766, 9495191071 എന്നീ നമ്പരുകളിലേയ്ക്കും സാങ്കേതിക സംശയങ്ങൾക്ക് 9633889887, 9447438486, 9744410015 എന്നീ നമ്പരുകളിലേയ്ക്കും ഏത് സമയത്തും മത്സരാർഥികൾക്ക് വിളിക്കാവുന്നതാണ്.

18. 10 ചെറുകഥകളുടെ പേര് വിവരം

| | |
|---|---|
| വാസനാ വികൃതി | വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ |
| ഒരു വയസ്സൻ | മേപ്പസാങ് (വിവർത്തനം : എം.ടി.) |
| വെള്ളപ്പൊക്കത്തിൽ | തകഴി |
| നീലവെളിച്ചം | ബഷീർ |
| എന്തും ചെയ്യാൻ മടിക്കാത്ത രണ്ടുപേർ | ഒ. ഹെൻറി |
| പൂവമ്പഴം | കാരൂർ |
| മനുഷ്യപുത്രി | ലളിതാംബിക അന്തർജനം |
| വാടകവീടുകൾ | ഉറൂബ് |
| ചുവന്ന പാവാട | മാധവിക്കുട്ടി |
| ശേഖൂട്ടി | ടി. പത്മനാഭൻ |

**അഡ്വ. പി. അപ്പുക്കുട്ടൻ**
സെക്രട്ടറി

J / 04.04.2020